കുടിയന്റെ കുമ്പസാരം

കുടിച്ചു കുടിച്ചു ചാകാൻ നടന്ന 'പിശാച്' ആയിരുന്നു ജോൺസ് ഒരിക്കൽ. ഇപ്പോൾ 3000 പേരുടെ കുടി നിർത്തിച്ച വിശുദ്ധനും!

'ഡോക്ടറേ, എനിക്കൊരു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തരുമോ?'

അയാൾ ഡോക്ടറോടു ചോദിച്ചു.

'തരാം.., എന്തിനാ..'

'ചാകാനാ..'

'ങേ..!'

'ഇൻഷ്വറൻസ് കമ്പനിക്കാര് പറഞ്ഞു, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലേ പോളിസി തരൂ. അതെടുത്തിട്ടു വേണം ചാകാൻ. അന്നേരം വീട്ടുകാർക്കു കുറച്ചു കാശ് കിട്ടും. അല്ലെങ്കിൽ ഭാര്യേടേം മോന്റേം പ്രാക്ക് കിട്ടും. എന്റെ ആത്മാവിന്റെ തലേൽ ഇടിത്തീ വീഴും!'

'ചാകാൻ മാത്രം എന്തു തെറ്റാ നിങ്ങള് ചെയ്തത്.'

'ഞാനിത്രേം കാലം കുടിച്ച മദ്യത്തിനൊരു കണക്കില്ല. അവരും കുഞ്ഞും സഹിച്ചതിനൊരു കണക്കുമില്ല. ഞാനേതായാലും ഉടനെ ചാകും. അപ്പോൾ ആ പോളിസീടെ പണമെങ്കിലും കിട്ടിയില്ലെങ്കിൽ അവര് എങ്ങനെ ജീവിക്കും?'

'ശരി.., ഒരു മാസം കഴിയട്ടെ.. തനിക്കു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തരാം. എന്നിട്ടു താൻ ചത്താൽ മതി.'

അയാൾക്ക് ആശ്വാസമായി.

മരുന്നു കഴിച്ചു സമാധാനം വന്ന് ആശുപത്രി വരാന്തയിലിരിക്കുമ്പോൾ ഡോക്ടർ അതുവഴി വന്നു.

'തന്റെ തീരുമാനത്തിൽ മാറ്റമുണ്ടാകരുത്.. സർട്ടിഫിക്കറ്റ് ഞാൻ തരും.. പക്ഷേ താൻ ചാകണം..'

അപ്പോൾ ശരിക്കും ഞെട്ടി. ഇയാളെന്തു ഡോക്ടറാണോ, ഇങ്ങനെയാണോ ഒരു രോഗിയോടു ചോദിക്കുന്നത്. ആത്മഹത്യക്കു പ്രേരിപ്പിക്കുന്നതും കുറ്റമല്ലേ?

അന്ന് ഡോക്ടറുടെ സർട്ടിഫിക്കറ്റ് തേടി വന്ന ആ മുഴുക്കുടിയൻ ജോൺസ് കെ. മംഗലമാണ്. രണ്ട് ബിരുദാനന്തര ബിരുദവും ഒരു ഡോക്ടറേറ്റും പേരിന് പിന്നിലുള്ളയാൾ. ഒരു സർവകലാശാല റാങ്കുകാരൻ..

അയാൾ ചത്തില്ല. ജീവിച്ചു. മാത്രമല്ല, 3000 പേരുടെ 'കുടി' മാറ്റിയ 'ഡോക്ടറായി'. ആ 3000 കുടുംബങ്ങൾ ജോൺസ് കെ. മംഗലത്തിനോടു പറയുന്നു. 'അന്നു താൻ ചാകാതിരുന്നതു നന്നായി, അല്ലെങ്കിൽ ഞങ്ങൾ കുടിച്ചു ചത്തേനെ.'

ഇനി ജോൺസൺ എന്ന ജോൺസ് കെ. മംഗലത്തിന്റെ കഥ പറയാം. പൂമലയിലെ പുനർജനി എന്ന മദ്യവിമോചന കേന്ദ്രത്തിന്റെ സാരഥി.

ജോൺസ് എന്ന പയ്യൻ ആദ്യമായി മദ്യത്തിന്റെ രുചിയറിഞ്ഞത് എട്ടിൽ പഠിക്കുമ്പോഴാണ്. കൂടെപ്പഠിക്കുന്ന തടിമാടന്മാരോടുള്ള വൈരാഗ്യം സ്കൂള് പൂട്ടുന്ന ദിവസം തീർക്കണം. ധൈര്യം കിട്ടുന്നില്ല. സഹപാഠി മാഞ്ഞു അഞ്ചു പൈസയുടെ മഷിക്കുപ്പിയിൽ അവന്റെ അപ്പൻ കുടിക്കുന്ന ചാരായം കൊണ്ടുവന്നു കൊടുത്തിട്ടു പറഞ്ഞു. 'ഇത് ധൈര്യം കിട്ടാനുള്ള ദ്രാവകമാണ് കുടിച്ചോ?'

ആ ധൈര്യത്തിൽ എതിരാളിയെ ഓടിച്ചിട്ട് ഇടിച്ചു. തിരിച്ചു വീട്ടിലേക്കു നടക്കുമ്പോൾ അവൻ ഒരു കാര്യം തിരിച്ചറിഞ്ഞു. അന്നു കുടിച്ച ധൈര്യകഷായത്തിന് അപ്പന്റെ മണമാണ്. ചെറുപ്പത്തിൽ ആ മണത്തോട് ജോൺസിനു വെറുപ്പായിരുന്നു. അപ്പന്റെ കൈവിരലുകൾ നന്നായി വിറയ്ക്കുമായിരുന്നു. മദ്യം കിട്ടാതെ വരുമ്പോഴുള്ള വിറ. ആ കൈ പിടിച്ചു നടക്കാനുള്ള പേടി. അപ്പൻ കുര്യാക്കോസ് മാഷ്. തൃശൂരിലെ [illegible] ഗ്രാമമായ പൂമലയിലെ യു.പി സ്കൂൾ അധ്യാപകൻ. വരവും പോക്കുമെല്ലാം മദ്യപിച്ചായിരുന്നതിനാൽ കൊട്ടുടി മാഷ് (കൊട്ടുപടി – വാറ്റുചാരായത്തിന്റെ ഗ്രാമപ്പേര്) എന്ന വട്ടപ്പേരുകാരൻ. മദ്യപിച്ചു മദ്യപിച്ച് 56-ാം വയസ്സിൽ മരിച്ചു. 3000 രൂപ മാത്രം സ

ജോൺസ് എന്ന പയ്യൻ ആദ്യമായി മദ്യത്തിന്റെ രുചിയറിഞ്ഞത് എട്ടിൽ പഠിക്കുമ്പോഴാണ്...

പുനർജനി
മദ്യവിമുക്തി
പുനരധിവാസ കേന്ദ്രം
Ph: 0487 2206324, 2791152, Mobile